നം. ഇ.എക്സ് എ(4)/50999/2018/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 15/05/2019

# സർക്കുലർ

വിഷയം:- 2019-ലെ എസ്.എസ്.എൽ.സി. സേ - ഐ.ടി. പരീക്ഷ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) 31.10.2018-ാം തീയതിയിലെ ഇ.എക്സ്/സി.ജനറൽ/35500/2018/ സി.ജി.ഇ. നമ്പർ വിജ്ഞാപനം.
2) 17.01.2019 ലെ ഇതേ നമ്പർ സർക്കുലർ.

..........

2019 മാർച്ച് 01 മുതൽ മാർച്ച് 11 വരെ നടത്തിയ എസ്.എസ്.എൽ.സി., ഐ.ടി. പരീക്ഷയുടെ സമയക്രമത്തിൽ **സേ- ഐ.ടി പരീക്ഷ** (എസ്.ജി.സി., എ.ആർ.സി., സി.സി.സി. പരീക്ഷാർത്ഥികൾക്ക്) 2019 മേയ് 24 വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം താങ്കളുടെ വിദ്യാഭ്യാസ ജില്ലയിലെ നിലവിൽ 'സേ' പരീക്ഷാകേന്ദ്രങ്ങളായ സ്കൂളുകളിൽ വച്ച് നടത്തേണ്ടതാണ്. ഇതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1) മാർച്ച് മാസത്തിൽ ഐ.ടി. റഗുലർ പരീക്ഷ നടത്തുവാൻ ഉപയോഗിച്ച അതേ സോഫ്റ്റ്‌വെയർ, സി.ഡി, യൂസർ നെയിം, പാസ്‌വേഡ് മുതലായവ ഉപയോഗിച്ചാണ് **'സേ- ഐ.ടി.'** പരീക്ഷ നടത്തേണ്ടത്.
2) പരീക്ഷാനടത്തിപ്പുമായി ഇൻവിജിലേറ്റർമാരെ ജില്ലാവിദ്യാഭ്യാസ ആഫീസർമാർ നിയമിക്കേണ്ടതാണ്. കൂടാതെ, പരീക്ഷാസെന്ററായി തെരെഞ്ഞെടുത്ത സ്കൂളിലെ പ്രഥമാദ്ധ്യാപകനെ ചീഫ് സൂപ്രണ്ടായും അതേ സ്കൂളിലെ എസ്.ഐ.റ്റി.സി.യെ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായും **'സേ'** പരീക്ഷയ്ക്കുവേണ്ടി നിയോഗിക്കേണ്ടതാണ്.
3) പരീക്ഷയുടെ റിസൽട്ട് സി.ഡി.യും പ്രിന്റൗട്ടും മറ്റു അനുബന്ധരേഖകളും 24-ാം തീയതി തന്നെ സൂപ്രണ്ട് എ- സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര എന്ന വിലാസത്തിൽ സ്പീഡ് പോസ്റ്റായി അയച്ചുതരേണ്ടതാണ്.
4) എസ്.എസ്.എൽ.സി./ഐ.ടി. പരീക്ഷയ്ക്ക് നൽകിയ നിരക്കിലെ പ്രതിഫലം സേ പരീക്ഷയ്ക്കും നിയോഗിക്കപ്പെട്ടവർക്ക് നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

പകർപ്പ്:
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

M-70